"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് ശ്രീ. സോണി ജോർജ്ജ് പി - ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2848/2025/LSGD തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:-

1. 24.08.2017ലെ സ ഉ (പി) നം.112/2017/ധന
2. ശ്രീ.സോണി ജോർജ്ജ് പി സമർപ്പിച്ച 29.06.2024ലെ അവധി അപേക്ഷ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.04.2025ലെ LSGD/PD/28964/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. സോണി ജോർജ്ജ് പി - ക്ക് 19.01.2024 മുതൽ 18.05.2024വരെ (19.05.2024 പിൻചേർത്ത് ) കെ എസ് ആർ പാർട്ട് 1 ചട്ടം 98 പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം 1 ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി പരാമവധി 119 ദിവസത്തേക്കാണ് അനുവദനീയമായിട്ടുള്ളതെന്നതിനാൽ മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. സോണി ജോർജ്ജ് പി - ക്ക് 19.01.2024 മുതൽ 16.05.2024 വരെ കെ എസ് ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചും, ടിയാൻ 18.05.2024 തീയതിയിലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുന്നതിനാൽ ടി തീയതിയിലേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാവില്ല എന്നതിനാൽ 17.05.2024 മുതൽ 18.05.2024 വരെ അപേക്ഷകനിൽ നിന്ന് ചട്ട പ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയ ശേഷം ടിയാന്റെ ക്രെഡിറ്റിലെ അവധി ലഭ്യതക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ ; കെ എസ് ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി ആയോ ക്രമീകരിക്കുന്നത് സംബന്ധിച്ച് പരാമർശം (1) ലെ ഡെലിഗേഷൻ പ്രകാരം

തീരുമാനമെടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ. സോണി ജോർജ്ജ് പി , ക്ലർക്ക് , കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ധനകാര്യ വകുപ്പ് (05.11.2025ലെ e-3171633/ഡെവ-1/113/2025-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ . ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.103/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 20-11-2025 11:04:59